"ഭരണഭാഷ മാതൃഭാഷ"

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

ഡയറക്ടറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്)

വഴുതക്കാട്, തിരുവനന്തപുരം - 695014

ഫോൺ: 0471 2778760/1, ഇ-മെയിൽ : soildirector@gmail.com

നം :SSSC/2386/2023-VIG1

തീയതി: 03-04-2025

(അനുബന്ധം-എച്ച്- 4)

നോട്ടീസ്

(53(4)-ാം ഖണ്ഡിക നോക്കുക)

ശ്രീ.മുഹമ്മദ് റഫീക്ക്.കെ.എം , വർക്ക് സൂപ്രണ്ട് , മണ്ണ് സംരക്ഷണ ഓഫീസ്, കാസറഗോഡ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ, 1960 ലെ കേരള സിവിൽ സർവ്വീസ്(തരം തിരിക്കലും,നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള അച്ചടക്ക നടപടികളുടെ ഭാഗമായി പ്രതിവാദ പത്രിക സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റപത്രം 19/07/2024 -)0 തീയതിയിലെ SSSC/2386/2023-VIG 1 നമ്പർ പ്രകാരം ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽ വിലാസത്തിൽ അയച്ചിരുന്നു .ആയത് താങ്കൾ കൈപ്പറ്റിയതായി അറിയിപ്പ് ലഭിച്ചെങ്കിലും പ്രതിവാദ പത്രിക സമർപ്പിച്ചില്ല.അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ നേരിട്ട് ഹാജരാകുന്നതിനുള്ള അറിയിപ്പ്,അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്,സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള നോട്ടീസ് എന്നിവ താങ്കളുടെ മേൽവിലാസത്തിലും ഇ മെയിൽ വിലാസത്തിലും ലഭ്യമാക്കിയെങ്കിലും ആയതിനും താങ്കളിൽ നിന്നും മറുപടി ഒന്നും തന്നെ ലഭിച്ചിട്ടില്ല.മേൽ സാഹചര്യത്തിൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ പിരിച്ചുവിടൽ നോട്ടീസിന്മേൽ നിങ്ങളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്കു യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും നോട്ടീസിലെ തീരുമാനപ്രകാരം താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതുമാണ്. നോട്ടീസിന്റെ പൂർണ്ണ രൂപം നിശ്ചിത കാലാവധിക്കുമ്പ് ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണവകുപ്പിൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയക്കേണ്ടതായ നിങ്ങളുടെ മേൽ വിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്ക് വാങ്ങാവുന്നതാണ്.

**Signed by Saju K.**
**Surendran**
**Date: 03-04-2025 19:26:40**

DIRECTOR

"ഭരണഭാഷ മാതൃഭാഷ"

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

ഡയറക്ടറേറ്റ് (ഹെഡ് ക്വാർട്ടേഴ്സ്)

വഴുതക്കാട്, തിരുവനന്തപുരം - 695014

ഫോൺ: 0471 2778760/1, ഇ-മെയിൽ : soildirector@gmail.com

നം.SSSC/2386/2023-VIG1

തീയതി: 06-01-2025

## നോട്ടീസ്

1. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ കാസറഗോഡ് മണ്ണ് സംരക്ഷണ ഓഫീസിൽ 23/04/2005 ന് വർക്ക് സൂപ്രണ്ടായി ജോലിയിൽ പ്രവേശിച്ച ശ്രീ.മുഹമ്മദ് റഫീക്ക്.ഇ.എം എന്ന താങ്കൾക്ക് 25/05/2005 മുതൽ 24/10/2006 വരെ ബി.ടെക്ക് കോഴ്സ് പൂർത്തീകരിക്കുന്നതിന് KSR PART I Appendix XII B പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും കോഴ്സ് പൂർത്തിയായതിനെ തുടർന്ന് 16/10/2006 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും 16/10/2006 മുതൽ 24/10/2006 വരെ അനുവദിച്ച അവധിയുടെ ബാക്കി ഭാഗം റദ്ദാക്കിയിട്ടുള്ളതുമാണ്. 18/09/2007 മുതൽ 17/09/2012 വരെ KSR PART I Appendix XII A പ്രകാരം താങ്കൾക്ക് ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് 18/09/2012 മുതൽ 17/09/2017 വരേയും 18/09/2017 മുതൽ 17/09/2022 വരേയും 5 വർഷം വീതം ശൂന്യവേതനാവധി നീട്ടി അനുവദിക്കുകയും ചെയ്തിരുന്നു. താങ്കൾക്ക് അനുവദിച്ച അവധി പൂർത്തിയായ വിവരം താങ്കളെ അറിയിച്ചെങ്കിലും നാളിതുവരെ തിരികെ സേവനത്തിൽ പ്രവേശിച്ചിട്ടില്ല എന്ന് കാസറഗോഡ് ജില്ലാ മണ്ണ്സംരക്ഷണ ഓഫീസർ അറിയിച്ചിരുന്നു.താങ്കൾക്ക് അനുവദിച്ച ശൂന്യവേതനാവധി 17/09/2022 ൽ അവസാനിച്ചതിനാൽ 18/09/2022 ന് തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ താങ്കൾ തിരികെ ജോലിയിൽ പ്രവേശിക്കുകയോ നാളിതുവരെ താങ്കളിൽ നിന്നും യാതൊരുവിധ അറിയിപ്പ് ലഭിക്കുകയോ ചെയ്തിട്ടില്ല. യഥാസമയം ജോലിയിൽ പ്രവേശിക്കാതെ താങ്കൾ ഔദ്യോഗിക കൃത്യനിർവ്വഹണം നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ചവരുത്തിയിരിക്കുന്നു.

2. കെ.എസ്.ആർ ഭാഗം I പ്രകാരം 18/09/2007 മുതൽ 5 വർഷം വീതം ആകെ 15 വർഷത്തെ ശൂന്യവേതനാവധി KSR PART I Appendix XII A പ്രകാരം അനുവദിക്കുകയും 17/09/2022 ന് ശൂന്യവേതനാവധി പൂർത്തിയാക്കുകയും ചെയ്ത താങ്കൾ യഥാസമയം ജോലിയിൽ തിരികെ പ്രവേശിക്കുകയോ യാതൊരുവിധ അറിയിപ്പ് നൽകുകയോ ചെയ്യാതെ അനധികൃതമായി ഹാജരില്ലായ്മയിൽ തുടർന്ന് പോയതിനാൽ താങ്കൾക്ക് എതിരായി കെ.എസ്.ആർ ഭാഗം I ചട്ടം 9 പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 1960 ലെ കേരള സിവിൽ സർവ്വീസ്

(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്. കുറ്റപത്രവും അനുബന്ധ കുറ്റാരോപണ പത്രികയും നൽകിയിരുന്നു.താങ്കൾക്ക് നൽകിയ കുറ്റപത്രവും അനുബന്ധ കുറ്റാരോപണ പത്രികയും കൈപ്പറ്റിയെങ്കിലും താങ്കളിൽ നിന്നും യാതൊരുവിധ അറിയിപ്പുകളും ലഭിച്ചില്ല.

3. KCS(CC&A) ചട്ടങ്ങൾ 1960,ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും താങ്കളെ നേരിൽ കേൾക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻ അറിയിപ്പ് നൽകുകയും ചെയ്തിരുന്നു.എന്നാൽ താങ്കൾ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകുകയോ യാതൊരുവിധ അറിയിപ്പുകൾ നൽകുകയോ ചെയ്തില്ല.അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് താങ്കൾക്ക് നൽകിയെങ്കിലും ആയതിനും താങ്കളിൽ നിന്നും പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം ലംഘിച്ച് 18/09/2022 മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിനാലും അച്ചടക്ക നടപടികളുടെ ഭാഗമായി താങ്കൾക്ക് നൽകുന്ന അറിയിപ്പുകൾ സ്വീകരിക്കാ‌യ്കയും യാതൊരുവിധ പ്രതികരണവും നൽകാതിരിക്കുകയും ചെയ്യുന്നതിനാലും അന്വേഷണ ഉദ്യോഗസ്ഥന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും അച്ചടക്കനടപടിയുടെ ഭാഗമായി 1960 ലെ കേരള സർവ്വീസ് നിയന്ത്രണവും തരംതിരിക്കലും അപ്പീലും ചട്ടങ്ങളിലെ ചട്ടം 11 (viii) പ്രകാരംശ്രീ.മുഹമ്മദ് റഫീക്ക്.ഇ.എം എന്ന താങ്കളെ സർവ്വീസിൽ നിന്നും പിരിച്ചു വിടാൻ തീരുമാനിച്ചിരിക്കുന്നു.ആയതിനാൽ 1960 ലെ KCS&CCA ചട്ടം 16 പ്രകാരം ടി വിഷയവുമായി ബന്ധപ്പെട്ട് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**Signed by Saju K. Surendran**
**Date: 06-01-2025 16:39:23**

DIRECTOR

സ്വീകർത്താവ്: ശ്രീ.മുഹമ്മദ്റഫീക്ക്.ഇ.എം,കൊല്ലംകോട്മൂല ഹൌസ്,നെക്രേജ്.പി.ഒ,കാസറഗോഡ്-671544

പകർപ്പ്: 1) ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ,കാസറഗോഡ്